


# എന്റെ കർത്താവേ, എന്റെ ദൈവമേ

യോഹ. 20: 24 – 31 Vol. 12, Issue: 50

ജിനോ ജോർജ് വാഴപ്പനാടിയിൽ

**ദി**വ്യകാരുണ്യ ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞ മാതാപിതാക്കന്മാരേ, സഹോദരീസഹോദരന്മാരേ,

അവകാശപ്പെട്ട സ്നേഹത്തെ ചോദിച്ചുവാങ്ങിയ ഒരു ശിഷ്യന്റെയും ചങ്ക് കൊടുത്തു സ്നേഹിക്കുന്ന ഒരു ഗുരുവിന്റെയും ഓർമ്മയുണർത്തിക്കൊണ്ട് ഒരു പുതുഞായർ കൂടി വരവായി. ആദ്യമായി തന്നെ പുതുഞായർ തിരുനാൾ മംഗളങ്ങൾ ഏറ്റവും സ്നേഹത്തോടു കൂടി നേരുന്നു.

പുതുഞായർ ഒരു പുതിയ തുടക്കമാണ്. മാമ്മോദീസായിലൂടെ ലഭിച്ച വിശ്വാസതീക്ഷ്ണത ജ്വലിപ്പിക്കാനുള്ള ക്രിസ്തുവിന്റെ ക്ഷണം. വേദനകൾക്കും നിരാശകൾക്കും കൊറോണയ്ക്കും ലോക്ക് ഡൗണിനുമപ്പുറം ഉത്ഥിതനായ ക്രിസ്തു നൽകുന്ന പുതിയ ജീവിതത്തിലും സമാധാനത്തിലും ഞാനും നിങ്ങളും പങ്കാളികളാണെന്ന ഓർമ്മപ്പെടുത്തലാണ് ഓരോ പുതുഞായറും.

വി. പൗലോസ് ശ്ലീഹാ കൊറിന്തോസിലെ സഭയ്ക്കെഴുതിയ രണ്ടാം ലേഖനം അഞ്ചാം അദ്ധ്യായം 17-ാം തിരുവചനം ഇതു തന്നെയാണ് ഓർമ്മപ്പെടുത്തുന്നത്. "ക്രിസ്തുവിലായിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയത് കടന്നുപോയി. ഇതാ, പുതിയത് വന്നുകഴിഞ്ഞു."

പൗരാണിക കാലം മുതൽ മാർത്തോമ്മാ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഉയിർപ്പുകാലം രണ്ടാം ഞായറാണ് പുതുഞായർ എന്നു വിളിക്കപ്പെടുന്നത്. പതിനായിരക്കണക്കിന് തീർത്ഥാടകർ മലയാറ്റൂർ മലയിലേക്ക് പ്രവഹിക്കുന്ന പുണ്യദിനം. ഭാരത അപ്പസ്തോലനും വിശ്വാസത്തിന്റെ പിതാവുമായ തോമാശ്ലീഹായുടെ ശ്രേഷ്ഠമായ വിശ്വാസപ്രഖ്യാപനം അനുസ്മരിക്കുന്ന പുണ്യദിനം.

"പന്ത്രണ്ടു പേരിൽ ഒരുവനായ വലിയ ദീപമേ, കുരിശിൽ നിന്നുള്ള തൈലത്താൽ നിറഞ്ഞവനായി ഇന്ത്യയുടെ ഇരുട്ടു നിറഞ്ഞ നിശയെ ദീപം കൊണ്ട് നീ നിറയ്ക്കുന്നു" - പൗരസ്ത്യ സഭാപിതാവായ മാർ അപ്രേമിന്റെ വാക്കുകളാണിവ. പുതുഞായറിന്റെ ചരിത്രപശ്ചാത്തലം പരിശോധിക്കുകയാണെങ്കിൽ നമുക്കു കാണാൻ കഴിയും, നമ്മുടെ സഭാപാരമ്പര്യത്തിലെ വലിയ നോമ്പുകാലം മുഴുവനും മാമ്മോദീസാർത്ഥികളുടെ ഏറ്റവുമടുത്ത തീക്ഷ്ണമായ ഒരുക്കത്തിന്റെ കാലഘട്ടമായിരുന്നുവെന്ന്. അങ്ങനെ മാമ്മോദീസയ്ക്കായി ഒരുങ്ങിയിരിക്കുന്ന സമൂഹം വലിയ ആഴ്ചയിലൂടെ കടന്ന് ഈശോ

യുടെ പെസഹാരഹസ്യങ്ങളിലും പീഡാനുഭവ വെള്ളിയിലും പങ്കാളികളായി ദുഃഖശനിയാഴ്ച മാമ്മോദീസ സ്വീകരിച്ച് സഭയിലേക്ക് പ്രവേശിക്കുന്നു. അങ്ങനെ ക്രിസ്തുവിന്റെ ഉത്ഥാനാനുഭവത്തിലും പങ്കാളികളാകുന്നു. ഇങ്ങനെ പുതുതായി വിശ്വാസം സ്വീകരിച്ച് സഭയിലേക്ക് കടന്നുവരുന്നവർ അവരുടെ മാമ്മോദീസായിലൂടെ ലഭിച്ച വെള്ളവസ്ത്രവും അണിഞ്ഞ് മുഴുവൻ വിശ്വാസത്തോടുമൊപ്പം ബലിയർപ്പിക്കുന്നതിന്റെ അനുസ്മരണമാണ് ഈ പുതുഞായറിനെ വ്യത്യസ്തമാക്കുന്നത്.

ഉത്ഥിനായ മിശിഹായെ കർത്താവും ദൈവവുമായി ഈ പുണ്യദിനത്തിൽ നാം ഏറ്റുപറയുന്നു. ലേവ്യരുടെ പുസ്തകത്തിൽ നിന്നുള്ള വായനയിൽ മോശയിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെയാണ് കാണുന്നത്. കർത്താവാണ് ഇസ്രായേലിന്റെ ദൈവമെന്ന് പ്രഖ്യാപിക്കുന്ന വചനഭാഗമാണ് ഏശയ്യാ പ്രവാചകന്റെ ഗ്രന്ഥത്തിൽ നിന്നു നാം വായിച്ചുകേട്ടത്. അടിമത്വത്തിൽ കഴിഞ്ഞിരുന്ന ജനത്തിന് പ്രത്യാശ നൽകുന്ന വചനങ്ങളാണ്. യാഹ്‌വെ ആണ് സത്യ ദൈവവും ഏകദൈവവും എന്ന പ്രഘോഷണമാണ് ഏശയ്യാ പ്രവാചകൻ നടത്തുന്നത്.

ഇന്നത്തെ സുവിശേഷം നമുക്കു നൽകുന്ന സന്ദേശം മരണത്താൽ തോൽപ്പിക്കപ്പെടുന്ന, മരണത്താൽ അഴിഞ്ഞില്ലാതാകുന്ന ഒരു ദൈവത്തിലല്ല മറിച്ച് മരണത്തെ തോൽപിച്ചു ജീവിക്കുന്ന ദൈവമായ ക്രിസ്തുവിലാണ് നമ്മുടെ വിശ്വാസത്തിന്റെ അടിത്തറ എന്നാണ്. അതുകൊണ്ടാണല്ലോ ശിഷ്യരിലൊരുവൻ എന്റെ കർത്താവേ, എന്റെ ദൈവമേ എന്നു നിലവിളിച്ച് മാറോടണഞ്ഞത്. എന്റെ കർത്താവേ, എന്റെ ദൈവമേ എന്നുള്ള പ്രഖ്യാപനത്തിലൂടെ പഴയനിയമത്തിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവം തന്നെയാണ് യേശുക്രിസ്തു എന്ന തോമാശ്ലീഹാ പ്രഖ്യാപിക്കുന്നു.

വിശ്വാസം ഏറെ വെല്ലുവിളിക്കപ്പെടുന്ന കാലഘട്ടത്തിലാണ് നാം ഇന്ന് ആയിരിക്കുന്നത്. പൂർവ്വീകരിലൂടെ കൈമാറിക്കിട്ടിയ നമ്മുടെ വിശ്വാസജീവിതത്തിന് എവിടെയൊക്കെയോ വിള്ളലുകൾ വീണിരിക്കുന്നു. കൊറോണയും പ്രകൃതിദുരന്തങ്ങളുമെല്ലാം മനുഷ്യനെ നിരാശയുടെ പടുകുഴിയിലേക്ക് തള്ളിവിടുമ്പോൾ ഈ പുതുഞായർ നമുക്കൊരു തിരിച്ചുവരവിന്റെ ദിനമായിരിക്കട്ടെ.

അടയിരിക്കുന്ന വേഴാമ്പൽ ആ മരപ്പൊത്തിനുള്ളിലിരുന്നാണ് ആ കാലം കഴിയുവോളം വിശ്രമിക്കുന്നത്. ആൺകിളി നാരുകളും മൺതരികളും മറ്റ് അവശിഷ്ടങ്ങളും കൊണ്ട് ആ മരപ്പൊത്തിന്റെ മുഖം പുറത്തു നിന്ന് അടക്കുന്നു. തന്റെ കൊക്കിനു മാത്രം കടക്കാവുന്ന ഒരു സുഷിരം ബാക്കി നിർത്തി ആൺകിളി ഇരതേടി പോകുന്നു. ഈ സുഷിരത്തിലൂടെയാണ് മരപ്പൊത്തിലെ പെൺകിളി ഭക്ഷണം കഴിക്കുന്നത്. ഒരുപക്ഷേ ഏതെങ്കിലും അപകടത്തിൽപെട്ട് ആൺകിളി വന്നില്ലെങ്കിലോ? എന്നാലും പെൺകിളി പുറത്തുവരാൻ ശ്രമിക്കില്ല. കാരണം, അത്ര വിശ്വാസമാണ് അതിന് തന്റെ പങ്കാളിയിൽ. നാം പ്രകൃതിയിൽ നിന്നു മനസിലാക്കേണ്ട അനേകം സത്യങ്ങളിൽ ഒന്നാണിത്.

വി. ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ ഇപ്രകാരമാണ്: “മനുഷ്യരിൽ ഇന്നും ദൈവത്തിന് വിശ്വാസമുണ്ട് എന്നതിന്റെ തെളിവാണ് ഭൂമിയിൽ പിറന്നുവീഴുന്ന ഓരോ കുഞ്ഞുങ്ങളും.” ദൈവത്തിലും മനുഷ്യരിലുമുള്ള വിശ്വാസരാഹിത്യത്തിന്റെ വേലിയേറ്റങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടോ എന്ന് വിചിന്തനം ചെയ്യാം. ഉണ്ടെങ്കിൽ ഈ പുതുഞായർ ഒരു മാറ്റത്തിന്റെ ദിനമായിരിക്കട്ടെ.

ഈ വിശുദ്ധ ബലിയിൽ നാം അർപ്പിക്കുന്ന പല പ്രാർത്ഥനകളും സംബോധന ചെയ്യുന്നത് ഇപ്രകാരമാണ്: “ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമായ കർത്താവേ...” ഇതെല്ലാം സൂചിപ്പിക്കുന്നത് എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന മാർതോമാ വചസ്സുകളുടെ പുനരാവിഷ്ക്കാരങ്ങളായിട്ടാണ്. ഈ വിശുദ്ധ ബലിയിലെ ഓരോ പ്രാർത്ഥനയിലും മാർതോമാ ശ്ലീഹാ പകർന്നുതരുന്ന വിശ്വാസതീക്ഷ്ണതയോടെ പങ്കുചേരാം. എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന് ജീവിതത്തിലെ എല്ലാ നിമിഷവും ഏറ്റുചൊല്ലി ആ മാർതോമാ മാർഗ്ഗം നമുക്ക് പിഞ്ചെല്ലാം.

ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആമ്മേൻ.